പുതിയ മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും

60 (1114) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം എന്നേയ്ക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഗതാഗത സൗകര്യം, വിപണന സാദ്ധ്യത, അനുയോജ്യമായ കെട്ടിടം, ആദ്യത്തെ രണ്ടു വർഷം കെട്ടിട വാടക അതാത് പഞ്ചായത്തുകൾ തന്നെ നൽകുക എന്നീ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നത് അനുസരിച്ച് മാവേലി സ്റ്റോറുകൾ തുറക്കാനാണ് ഉദ്ദേശിക്കുന്നത്.

മാവേലി സ്റ്റോറുകൾ

61 (1115) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നു എന്ന് അറിയിക്കാമോ ;

(ബി) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഇവ ഇല്ലാത്തതെന്നും അതിനുള്ള കാരണമെന്തെന്നും വിശദീകരിക്കാമോ ;

(സി) സംസ്ഥാനത്തെ മാവേലി സ്റ്റോറുകളിൽ ഒരേ വില നിലവാരത്തിലാണോ സാധനങ്ങൾ വിൽക്കുന്നത് എന്നതിനെക്കുറിച്ച് വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംസ്ഥാന സിവിൽസപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ 830 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നു.

(ബി) ഇല്ല. മാവേലി സ്റ്റോറുകൾ ഇല്ലാത്ത 208 പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* വിപണന സാദ്ധ്യത, ചുരുങ്ങിയത് 350 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടം ആദ്യത്തെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly